REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 20.05.2025** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- ദേശീയപാത 66 ലെ മലപ്പുറം കൂരിയാട് പ്രദേശത്ത് ഗതാഗത തടസ്സം തുടരുന്നു. ഇന്നലെ ആറുവരിപ്പാത ഇടിഞ്ഞു വീണുണ്ടായ അപകടത്തിൽ കുട്ടികൾ ഉൾപ്പടെ ഒൻപത് പേർക്ക് പരിക്കേറ്റു.
- ഹയർസെക്കണ്ടറി അധ്യാപക സ്ഥലം മാറ്റത്തിന്റെ പ്രൊവിഷണൽ പട്ടിക ഇന്ന് ട്രാൻഫർ പോർട്ടലിൽ പ്രസിദ്ധീകരിക്കും.
- ഉപരാഷ്ട്രപതി ജഗദീപ് ധൻകർ ഇന്നുമുതൽ മൂന്ന് ദിവസം ഗോവ സന്ദർശിയ്ക്കും.
- കോഴിക്കോട് പുതിയ ബസ് സ്റ്റാന്റ് കെട്ടിടത്തിലെ തീപിടുത്തത്തിൽ ഫയർ ഫോഴ്സ് ഡയറക്ടർ ജനറലിന് വകുപ്പുതല റിപ്പോർട്ട് ഇന്ന് കൈമാറും.
- പ്രഥമ ഖേലോ ഇന്ത്യ ബീച്ച് ഗെയിംസിന് കേന്ദ്രഭരണ പ്രദേശമായ ദിയുവിലെ ഘോഘ്ല ബീച്ചിൽ തുടക്കമായി.

## വാർത്തകൾ വിശദമായി

**ദേശീയപാത 66 ൽ മലപ്പുറം കൂരിയാട് ഭാഗത്ത് ഇന്നലെ ആറുവരിപ്പാത ഇടിഞ്ഞു വീണുണ്ടായ അപകടത്തിൽ കുട്ടികൾ ഉൾപ്പടെ ഒൻപത് പേർക്ക് പരിക്കേറ്റു. ദേശീയ പാതയുടെ ഒരു ഭാഗം സർവീസ് റോഡിലേക്ക് ഇടിഞ്ഞു വീണതോടെ തൃശൂർ ഭാഗത്തേക്ക് ഗതാഗതം തടസ്സപ്പെട്ടു.**

കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു .........

.....[വോയിസ് ]........

✪✪✪

നിർമ്മാണത്തിനിടെ കൂരിയാട് ഭാഗത്ത് ദേശീയപാത 66 തകർന്ന സംഭവം അതീവ ഗൗരവകരമാണെന്ന് ET മുഹമ്മദ് ബഷീർ MP അഭിപ്രായപ്പെട്ടു. നിർമ്മാണത്തിലെ ഗുരുതരമായ അപാകതയാണ് അപകടത്തിന് കാരണമായതെന്ന് അദ്ദേഹം പറഞ്ഞു. ജനങ്ങളുടെ സുരക്ഷ ഉറപ്പു വരുത്താൻ നിർമ്മാണ പ്രവർത്തനങ്ങൾ കൃത്യതയോടെ നടപ്പാക്കണമെന്നും, പിഴവുകൾ പരിഹരിക്കണമെന്നും ET ആവശ്യപ്പെട്ടു.

മണ്ണിടിച്ചിലിൽ സമഗ്രാന്വേഷണം വേണമെന്ന് CPIM മലപ്പുറം ജില്ലാസെക്രട്ടറി VP അനിലും ആവശ്യപ്പെട്ടു. നിർമ്മാണത്തിൽ അപാകത ഉണ്ടായോ എന്ന കാര്യം ദേശീയപാതാ അതോറിറ്റി പരിശോധിക്കണം. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ കരുതൽ നടപടികൾ ഉണ്ടാകണമെന്നും ജില്ലാസെക്രട്ടറി നിർദ്ദേശിച്ചു.

✪✪✪

ഹയർസെക്കണ്ടറി അധ്യാപക സ്ഥലം മാറ്റത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി സ്റ്റേ ചെയ്ത ഹൈക്കോടതി ഉത്തരവിനെ മന്ത്രി V ശിവൻകുട്ടി സ്വാഗതം ചെയ്തു. പ്രൊവിഷണൽ സ്ഥലംമാറ്റ പട്ടിക ഇന്ന് കൈറ്റ് ട്രാൻഫർ പോർട്ടലിൽ പ്രസിദ്ധീകരിക്കും.

ജൂൺ രണ്ടിന് മുൻപ് സ്ഥലംമാറ്റ പ്രക്രിയ പൂർത്തിയാക്കാൻ ഗവൺമെന്റ് നടപടിയെടുത്തു വരുന്നതിനിടെയാണ് KAT ഉത്തരവുണ്ടായത്. ഇതിനെതിരെ ഗവൺമെന്റ് ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു.

✪✪✪

ആധാർ ഡാഷ് ബോർഡിലെ വ്യക്തിപരമല്ലാത്തതും, ആളുകളെ തിരിച്ചറിയാൻ കഴിയാത്തതുമായ ഡാറ്റ, ഗവൺമെന്റ് ഡാറ്റാ പ്ലാറ്റ്ഫോമിൽ യുണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ ലഭ്യമാക്കി തുടങ്ങി. ആധാർ എൻറോൾമെന്റ്, പുതുക്കലുകൾ

എന്നിവയടക്കം വിവരങ്ങൾ തരംതിരിച്ച് പ്ലാറ്റ്ഫോമിൽ ലഭ്യമാകും. അക്കാദമിക് ഗവേഷണം, ഡിജിറ്റൽ സേവന നവീകരണം, സുതാര്യത എന്നിവയ്ക്കായി ഡാറ്റ പ്രയോജനപ്പെടുത്താം.

✪✪✪

പഹൽഗാം ഭീകരാക്രമണത്തെ കുറിച്ച് സാമൂഹിക മാധ്യമങ്ങളിൽ രാജ്യവിരുദ്ധ പരാമർശം നടത്തിയ നസീബ് വാഴക്കാട് എന്നയാൾക്കെതിരെ പൊലീസ് കേസെടുത്തു. ഇന്ത്യൻ സൈന്യത്തിനെതിരെ അടിസ്ഥാനരഹിതവും, വ്യാജവുമായ വാർത്ത പ്രചരിപ്പിച്ചു എന്ന പരാതിയിലാണ് നടപടി. ഹിന്ദു ഐക്യവേദിയുടെ പരാതിയെ തുടർന്നാണ് പൊലീസ് കേസെടുത്തത്.

✪✪✪

വിദേശത്തെ ഇന്ത്യൻ പൗരന്മാരുടെ പോർട്ടൽ - OCI - പൗരസൗഹൃദ ഡിജിറ്റൽ ഭരണത്തിന്റെ ഫലപ്രാപ്തി മെച്ചപ്പെടുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചു. ആഭ്യന്തരമന്ത്രി അമിത്ഷാ ന്യൂഡൽഹിയിൽ ഇന്നലെയാണ് പോർട്ടലിന് തുടക്കമിട്ടത്.

✪✪✪

ഉപരാഷ്ട്രപതി ജഗദീപ് ധൻകർ ഇന്നുമുതൽ മൂന്ന് ദിവസം ഗോവ സന്ദർശിയ്ക്കും. നാളെ മർമഗോവാ തുറമുഖത്തെത്തുന്ന ഉപരാഷ്ട്രപതി ഏതാനും പുതിയ പദ്ധതികൾ രാജ്യത്തിന് സമർപ്പിക്കും.

മറ്റന്നാൾ രാജ്ഭവനിൽ ആയുർവേദത്തിന്റെയും, ശസ്ത്രക്രിയയുടെയും ആദ്യകാല ആചാര്യന്മാരായ ചരകന്റെയും സുശ്രുതന്റെയും പ്രതിമകൾ ഉപരാഷ്ട്രപതി കമ്മീഷൻ ചെയ്യും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത് പരിപാടി ഈ മാസം 25 ന് രാവിലെ 11-ന് ആകാശവാണിയിലും, ദൂരദർശനിലും. മൻ കി ബാതിന്റെ 122-ാം പതിപ്പാണിത്. പരിപാടിയിലേക്ക് നിർദ്ദേശങ്ങളും, ആശയങ്ങളും വരുന്ന വെള്ളിയാഴ്ച വരെ സമർപ്പിക്കാം. നരേന്ദ്രമോദി ആപ്പിലും, My Gov ഓപ്പൺ ഫോറത്തിലും, ടോൾഫ്രീ നമ്പറിലും ഇതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

കോഴിക്കോട് പുതിയ ബസ് സ്റ്റാന്റ് കെട്ടിടത്തിലെ തീപിടുത്തം സംബന്ധിച്ച് ഫയർ ഫോഴ്സ് ഡയറക്ടർ ജനറലിന് വകുപ്പുതല റിപ്പോർട്ട്

ഇന്ന് കൈമാറും. സംഭവത്തിൽ പൊലിസും, ഫയർഫോഴ്സും, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും ഇന്നലെ പരിശോധന നടത്തിയിരുന്നു.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.....(വോയ്സ്).....

തീപിടുത്തമുണ്ടായ സ്ഥാപനത്തിൽ അഗ്നിബാധാ പ്രതിരോധ സംവിധാനങ്ങൾ ഉണ്ടായിരുന്നില്ലെന്ന് അന്വേഷണത്തിൽ കണ്ടെത്തി. തകര ഷീറ്റ് ഉപയോഗിച്ച് വശങ്ങൾ അടച്ചതും, ഇടനാഴിയിൽ സാധനങ്ങൾ നിറച്ചതും രക്ഷാപ്രവർത്തനം ദുഷ്കരമാക്കിയെന്നാണ് വിലയിരുത്തൽ.

കോഴിക്കോട് നഗരത്തിൽ തുടർച്ചയായി ഉണ്ടാവുന്ന തീപിടുത്തത്തെ പറ്റി ജുഡീഷ്യൽ കമ്മീഷൻ അന്വേഷണം നടത്തണമെന്ന് BJP മുൻ സംസ്ഥാന പ്രസിഡണ്ട് K.സുരേന്ദ്രൻ ആവശ്യപെട്ടു. പഴയ തീപിടുത്തങ്ങളെ പറ്റി അന്വേഷിച്ച് നടപടിയെടുക്കുമെന്ന് പറഞ്ഞ ഗവൺമെന്റ് ഇതുവരെ ഒരു നടപടിയും എടുത്തിട്ടില്ലെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

. കെട്ടിട നിർമ്മാണത്തിലെ എല്ലാ നിയമങ്ങളും കോഴിക്കോട് കോർപ്പറേഷൻ കാറ്റിൽ പറത്തുകയാണ്. തീപിടുത്തമുണ്ടായ വസ്ത്രശാലയിലേക്ക് കയറി പോകുന്ന വഴിയിൽ പോലും തുണിക്കെട്ടുകൾ കൂട്ടിയിട്ടിരുന്നു. അത് കെട്ടിട സുരക്ഷാ നിയമത്തിന്റെ ലംഘനമാണെന്ന് സുരേന്ദ്രൻ ഓർമ്മിപ്പിച്ചു.

തീപിടുത്തത്തിൽ കെട്ടിട ഉടമകളായ കോർപ്പറേഷനെതിരെ കേസ്സെടുക്കണമെന്ന് മുസ്ലീം ലീഗ് ആവശ്യപ്പെട്ടു. നിയമങ്ങളും ചട്ടങ്ങളും കോർപറേഷൻ തന്നെ അവഗണിച്ചതായി ലീഗ് ജില്ലാ പ്രസിഡന്റ് M.A റസാഖും, ജനറൽ സെക്രട്ടറി T.T ഇസ്മയിലും കുറ്റപ്പെടുത്തി. സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം വേണമെന്നും ലീഗ് ആവശ്യപ്പെട്ടു.

✪✪✪

കാസർകോട് കുള്ളൻ ഇനത്തിൽപ്പെട്ട പശുക്കളെ സംസ്ഥാനത്തിന്റെ തനത് പശുവായി അംഗീകരിക്കാൻ സാധിക്കണമെന്ന് മന്ത്രി J ചിഞ്ചുറാണി പറഞ്ഞു. ബേളയിലെ കുള്ളൻപശു ഫാം അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ആയിരം കാസർകോട് കുള്ളൻ പശുക്കളെ സംരക്ഷിച്ചാൽ അവയെ സംസ്ഥാനത്തിന്റെ തനത് പശുക്കളായി അംഗീകരിക്കാൻ കഴിയും. നിലവിൽ വെച്ചൂർ പശുക്കളെ മാത്രമാണ് ഈ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ കല്ലളിയിൽ സംസ്ഥാനത്തെ ഏറ്റവും വലിയ ഹൈടെക് ആട് ഫാമിലേക്ക് ആവശ്യമായ ആടുകളെ എത്തിക്കാനും, ഉദ്യോഗസ്ഥരെ നിയമിക്കാനും ഉടൻ നടപടിയുണ്ടാകുമെന്നും മന്ത്രി അറിയിച്ചു. ഫാമിന്റെ പ്രവർത്തനപുരോഗതി മന്ത്രി നേരിൽ വിലയിരുത്തി.

നേരത്തെ സംസ്ഥാനത്തെ മൂന്നാമത് ABC സെന്റർ മൂളിയാറിൽ മന്ത്രി ഉദ്ഘാടനം ചെയ്തു. 2030 ഓടെ തെരുവ് നായ്ക്കൾ ഇല്ലാത്ത കേരളം എന്ന സ്വപ്നം യാഥാർഥ്യമാക്കാൻ സാധിക്കുമെന്ന് മന്ത്രി J ചിഞ്ചുറാണി പറഞ്ഞു.

✪✪✪

പട്ടികവർഗ വിഭാഗങ്ങളുടെ സാമ്പത്തിക പുരോഗതി ലക്ഷ്യമിട്ട് സംസ്ഥാന ഗവൺമെൻറ് സംഘടിപ്പിക്കുന്ന ഗദ്ദിക നാടൻ കലാ ഉൽപന്നമേള ഈ വർഷം കൊച്ചിയിൽ സംഘടിപ്പിക്കുമെന്ന് മന്ത്രി O.R കേളു പറഞ്ഞു. അന്താരാഷ്ട്ര മ്യൂസിയ ദിനാഘോഷം 2025 "ബൊയഗവെ" കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ആധുനിക ശാസ്ത്ര ലോകത്ത് പഴയ അറിവുകളും സംസ്കാരങ്ങളും വിസ്മരിച്ചു പോകുന്ന സാഹചര്യമാണ് ഉള്ളതെന്നും, വരും തലമുറകളിലേക്ക് അവ കൈമാറി സംരക്ഷിക്കേണ്ടത് ആവശ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

✪✪✪

കേരളത്തെ ഭരിച്ച് തകർത്ത ശേഷമാണ് സംസ്ഥാന ഗവൺമെന്റ് നാലാം വാർഷികം ആഘോഷിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ ആലപ്പുഴയിൽ കുറ്റപ്പെടുത്തി. വാർഷികാഘോഷം പ്രചരിപ്പിക്കാൻ പരസ്യമല്ലാതെ മാധ്യമങ്ങൾക്ക് പണം കൂടി നൽകുന്നുണ്ടോ എന്ന് മുഖ്യമന്ത്രി വ്യക്തമാക്കണമെന്നും സതീശൻ ആവശ്യപ്പെട്ടു. ഗവൺമെന്റിന്റെ ഭരണപരാജയം ജനങ്ങളെ ബോധ്യപ്പെടുത്താനാണ് ഇന്ന് UDF കരിദിനം ആചരിക്കുന്നതെന്നും പ്രതിപക്ഷ നേതാവ് അറിയിച്ചു.

✪✪✪

ഇടത് ഗവൺമെന്റിന് നാലാം വാർഷികാഘോഷം നടത്താൻ അവകാശമില്ലെന്ന് UDF കൺവീനർ അടൂർ പ്രകാശ് കോഴിക്കോട്ട് പറഞ്ഞു. ഇന്ന് കേരളത്തിൽ UDF കരിദിനം ആചരിക്കുമെന്നും കൺവീനർ അറിയിച്ചു. ഗവൺമെന്റിന്റെ വീഴ്ചകൾ ഒന്നൊന്നായി ജനങ്ങളിൽ എത്തിക്കാനാണ് കരിദിനം ആചരിക്കുന്നതെന്നും അടൂർ പ്രകാശ് വ്യക്തമാക്കി.

UDF വിട്ടുപോയവരെ തിരികെ കൊണ്ടു വരാൻ ശ്രമങ്ങൾ നടത്തുമെന്നും, ഇതിന് കൂട്ടായ ചർച്ചകളിലൂടെ തീരുമാനമെടുക്കുമെന്നും കൺവീനർ അറിയിച്ചു.

✪✪✪

പ്രഥമ ഖേലോ ഇന്ത്യ ബീച്ച് ഗെയിംസിന് കേന്ദ്രഭരണ പ്രദേശമായ ദിയുവിലെ ഘോഘ്ല ബീച്ചിൽ തുടക്കമായി. കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ ഗെയിംസ് ഉദ്ഘാടനം ചെയ്തു. അടുത്ത ശനിയാഴ്ച വരെ 30-ലധികം സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നും 1,350-ലധികം അത്‌ലറ്റുകൾ ഗെയിംസിൽ മത്സരിക്കും.

രാജ്യത്തിന്റെ കായിക ചരിത്രത്തിലെ നിർണായക നിമിഷമാണ് ഖേലോ ഇന്ത്യ ബീച്ച് ഗെയിംസിന്റെ ഉദ്ഘാടനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സന്ദേശത്തിൽ പറഞ്ഞു

✪✪✪

IPLക്രിക്കറ്റിൽ ലഖ്നൗവിൽ സൺറൈസേഴ്സ് ഹൈദരാബാദ്, ലഖ്നൗ സൂപ്പർ ജയന്റ്സിനെ തോൽപ്പിച്ചു. ഇതോടെ ലഖ്നൗ പ്ലേഓഫിൽ നിന്ന് പുറത്തായി.

ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ് രാജസ്ഥാൻ റോയൽസുമായി ഏറ്റുമുട്ടും. ഡൽഹി അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

സംസ്ഥാനത്ത് അടുത്ത മൂന്ന് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. തീവ്ര മഴ സാധ്യത കണക്കിലെടുത്ത് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകി.

പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. ശക്തമായ

മഴയ്ക്കും, 35 മുതൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും സാധ്യതയുണ്ടെന്നും, കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഈ ദിവസങ്ങളിൽ മീൻപിടുത്തം പാടില്ലെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

ആലുവയിൽ നിന്ന് കാണാതായ മൂന്നുവയസ്സുകാരി കല്യാണിയുടെ മൃതദേഹം ചാലക്കുടിപ്പുഴയിൽ നിന്ന് കണ്ടെ ത്തി. അങ്കണവാടിയിൽ നിന്ന് അമ്മയോടൊപ്പം വീട്ടിലേക്ക് പോകവേയാണ് കുഞ്ഞിനെ കാണാതായത്.

ആലുവയിൽ നിന്നെത്തിയ സ്കൂബാ ഡൈവിങ് സംഘമാണ് പുലർച്ചെയോടെ മൂഴിക്കുളം പാലത്തിന്റെ പടിഞ്ഞാറു ഭാഗത്ത് പുഴയിൽ നിന്ന് മൃതദേഹം കണ്ടെടുത്തത്. കുട്ടിയെ മൂഴിക്കുളം പാലത്തിൽനിന്ന് പുഴയിലെറിഞ്ഞെന്ന അമ്മയുടെ മൊഴിയുടെ അടിസ്ഥാനത്തിലായിരുന്നു പരി ശോധന.

✪✪✪

68 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭേദഗതി ചെയ്ത പദ്ധതികൾക്ക് കോഴിക്കോട് ജില്ലാ ആസൂത്രണ സമിതി യോഗം അംഗീകാരം നൽകി. ലഹരിമുക്ത കോഴിക്കോട് പദ്ധതി, അതിദരിദ്രർക്ക് വീട് നൽകുന്ന പദ്ധതി എന്നിവയ്ക്ക് പണം നീക്കിവെക്കാത്ത തദ്ദേശ സ്ഥാപനങ്ങൾ അവയ്ക്ക് മുൻഗണന നൽകണമെന്ന് യോഗത്തിൽ അധ്യക്ഷയായിരുന്ന ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ ഷീജ ശശി ആവശ്യപ്പെട്ടു.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*News Team: സബിത ആനന്ദ്*
*DEO: ഷീബ*